(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകേണ്ട എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. തഴക്കര പഞ്ചകർമ്മ സെന്റർ, മാവേലിക്കര ഗവ.ഹോസ്പിറ്റൽ ഡയാലിസിസ് സെന്റർ എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത് ആരോഗ്യവകുപ്പും ന്യൂനാട് സബ് ട്രഷറിയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകേണ്ടത് ധനകാര്യ വകുപ്പുമാണ്.

(ഡി) തെക്കേക്കര ഖാദി സർവ്വോദയ സംഘത്തിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല.

(ഇ) പ്രസ്തുത പ്രവർത്തി ആരംഭിക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാൽ പ്രവർത്തിക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ വ്യവസായ വകുപ്പിന് 13-2-2015-ൽ CE/BL/PLI/LAC-ADS/ ALPY/40/14 നമ്പർ കത്ത് നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

കൊല്ലങ്കോട് - പുതുനഗരം റോഡ് ബി.എം &ബി.സി. ആയി ഉയർത്തുന്നത്

253 (1297) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന സംസ്ഥാന പാതകളെ ബന്ധിപ്പിക്കുന്ന കൊല്ലങ്കോട്- പുതുനഗരം റോഡ് ബി.എം. & ബി.സി. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് 0/000 മുതൽ 4/700 വരെ ബി.എം. & ബി.സി. ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന ഭാഗത്തിന് കൂടി ഭരണാനുമതി നൽകി റോഡ് പണി ഒരുമിച്ച് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്- പുതുനഗരം റോഡ് കി.മീ. 0/000 മുതൽ 5/000 വരെ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയുള്ള ബി.എം. & ബി.സി. പ്രവൃത്തി പുരോഗമിച്ചുവരുന്നു. അവശേഷിക്കുന്ന ഭാഗം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കി.മീ 5/000-8/414 (വർക്കിംഗ് ചെയിനേജ് 4/700-8/414)-ന് പുതുക്കിയ എസ്.ഒ.ആർ.(ഡി.എസ്.ആർ. -2014) പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികൾ

254 (1298) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി എതെല്ലാം പ്രവൃത്തികൾ ആണ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയതെന്നും ഓരോന്നിനും എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇവിടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

ചുതപ്പുഴയിൽ കരിപാമണ്ണയിൽ പാലം

255 (1299) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചുതപ്പുഴയിൽ കരിപാമണ്ണയിൽ പാലം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയും എന്നതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ-ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly